I/297144/2023

**താൽപ്പര്യപത്രം**

എക്സൈസ് വകുപ്പ്  വിമുക്തി മിഷൻ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ 6 മാസക്കാലയളവിൽ കൈകാര്യം ചെയ്യുന്നതിന്.

## (EXC/1702/2023/VIMUKTHI 4 DATED 18.05.2023)

**KERALA STATE LAHARI VARJJANA MISSION VIMUKTHI**

**KERALA STATE EXCISE DEPARTMENT, EXCISE HEADQUARTERS**
**NANDAVANAM , PALAYAM, THIRUVANANTHAPURAM-695033**

I/297144/2023

## 1. താൽപ്പര്യ പത്രം ക്ഷണിക്കൽ

ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സോഷ്യൽ മീഡിയാ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് എക്സൈസ് വകുപ്പും വിമുക്തി മിഷനും തീരുമാനിച്ചിട്ടുള്ളതാണ്. ആയതിലേക്ക് ഇത്തരം പ്രവർത്തനങ്ങളിൽ വൈദഗ്ധ്യവും താല്പപര്യവുമുള്ള സ്ഥാപനങ്ങളിൽ നിന്നും Expression Of Interest (EOI) ക്ഷണിക്കുന്നു.

യോഗ്യതാ മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ https://vimukthi.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം

കൂടുതൽ വിവരങ്ങൾക്കും താൽപ്പര്യപത്രം സമർപ്പിക്കുന്നതിനും ചുവടെ ചേർക്കുന്ന ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

jecapckerala1@gmail.com

jecapc.exc@kerala.gov.in

താൽപ്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി : 30.06.2023

കുറിപ്പ്: ***താൽപ്പര്യപത്രം ക്ഷണിച്ചു കൊണ്ടുള്ള ഈ അഭ്യർത്ഥന റദ്ദാക്കാനോ, വിശദാംശങ്ങൾ ഭേദഗതി ചെയ്യുന്നതിനോ ചേർക്കുന്നതിനോ വീണ്ടും ക്ഷണിക്കുന്നതിനോ ഉള്ള അവകാശം എക്സൈസ് വകുപ്പിനും വിമുക്തി മിഷനിലും നിക്ഷിപ്തമാണ്.***

| ക്രമ നം | ഇനം | തീയതി | സമയം |
|---|---|---|---|
| 1 | താൽപ്പര്യപത്രം ക്ഷണിച്ചു കൊണ്ടുള്ള അഭ്യർത്ഥന പ്രസിദ്ധപ്പെടുത്തുന്നത് **(Date of online Publication/Download of EOI Document)** | 23.06.2023 | 6.00pm |
| 2 | താൽപ്പര്യപത്രം സ്വീകരിച്ചു തുടങ്ങുന്നത് (**Submission Start Date**) | 23.06.2023 | 6.00pm |
| 3 | താൽപ്പര്യപത്രം സംബന്ധിച്ച മീറ്റിംഗ് (**Pre-EoI Meeting Date**) | 27.06.2023 | 3.00pm |
| 4 | താൽപ്പര്യപത്രം സ്വീകരിക്കുന്നത് അവസാനിപ്പിക്കുന്നത് (**Submission Close Date**) | 30.06.2023 | 6.00pm |
| 5 | താൽപ്പര്യപത്രം തുറന്നു പരിശോധിക്കുന്നത് (**Opening Expression of Interest**) | 01.07.2023 | 3.00pm |

**2. ആമുഖം**

സമൂഹത്തിൽ മയക്കുമരുന്നിന്റെ സ്വാധീനം വളരെ വലുതും വിശാലവുമാണ്. പ്രായഭേദമന്യേ സ്ത്രീകളും പുരുഷന്മാരും ലഹരിയുടെ ആസക്തിക്ക് അടിമപ്പെടുന്നതായി പഠനങ്ങൾ കാണിക്കുന്നു. ഒരു വ്യക്തിയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ലഹരി വസ്തുക്കളുടെ ഉപഭോഗം ദോഷകരമായി ബാധിക്കും. ഇത് ആസക്തി, രോഗം, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവയിലേക്ക് നയിക്കുന്നു. ലഹരിയുടെ ദൂഷ്യവശങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ പല ഉപാധികളും ആവശ്യമായി വരുന്നു. വിവര സാങ്കേതിക വിദ്യയും സാമൂഹ്യ മാദ്ധ്യമങ്ങളും കൂടുതൽ ജനകീയമായ ഈ കാലഘട്ടത്തിൽ, ബോധവൽക്കരണ സന്ദേശങ്ങളും പരിപാടികളും പ്രചരിപ്പിക്കുന്നതിന് സാമൂഹ്യ മാദ്ധ്യമങ്ങളുടെ ഇടപെടൽ വളര സഹായകരമാകും എന്നതിന്റെ അടിസ്ഥാനത്തിൽ ആണ് ഈ താൽപ്പര്യപത്രം ക്ഷണിക്കുന്നത്.

**3. ഉദ്ദേശ്യങ്ങൾ/ലക്ഷ്യങ്ങൾ**

ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സോഷ്യൽ മീഡിയാ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. സർക്കാർ വകുപ്പുകളും മിഷനുകളും വാഗ്ദാനം ചെയ്യുന്ന പരിപാടികൾ , സേവനങ്ങൾ, സംരംഭങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക, ലഹരിമരുന്നുകൾ വ്യക്തിക്കും സമൂഹത്തിനും സൃഷ്ടിക്കാവുന്ന ആഘാതങ്ങളും, വിപരീതഫലങ്ങളും സമൂഹത്തിനെ ബോദ്ധ്യപ്പെടുത്തി കൊടുക്കുക , ലഹരിവിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുക, പൊതുജനങ്ങളുമായി ഇടപഴകുകയും വിശ്വാസവും സുതാര്യതയും വർദ്ധിപ്പിക്കുകയും പൗരന്മാരുമായി മികച്ച ആശയവിനിമയം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയൊക്കെയാണ് ഈ സോഷ്യൽ മീഡിയ കാമ്പെയ്നിന്റെ ലക്ഷ്യം.

**4. ജോലിയുടെ വ്യാപ്തി**

എക്സൈസ് വകുപ്പ്/വിമുക്തി മിഷൻ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ 6 മാസ കാലാവധിയിൽ കൈകാര്യം ചെയ്യുന്നക , ലഹരി മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള പ്രചരണം നടത്തുക എന്നിവയാണ് പ്രധാന ജോലികൾ.

വിദ്യാർത്ഥികൾ, കൗമാരക്കാർ, യുവതീ യുവാക്കൾ , കുടുംബങ്ങൾ, തീരദേശ മേഖല, ആദിവാസി മേഖല , ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, സർക്കാർ

വകുപ്പുകൾ, പൊതുമേഖല , തൊഴിലിടങ്ങൾ, അതിഥി തൊഴിലാളികൾ, ഐ.റ്റി മേഖല , പൊതുസ്ഥലങ്ങൾ, വകുപ്പിന്റെ സേവനങ്ങളെയും പ്രോഗ്രാമുകളെയും കുറിച്ച് പഠിക്കാൻ താൽപ്പര്യമുള്ളവർ, എന്നിങ്ങനെ വിവിധ മേഖലകളിലെ എല്ലാ പ്രായത്തിലുമുള്ളവരെയും പ്രത്യേകം പരിഗണിച്ചു കൊണ്ടാവണം ക്യാമ്പയിനുകൾ സംഘടിപ്പിക്കേണ്ടത്.

1) എക്സൈസ് വകുപ്പ്/വിമുക്തി മിഷൻ നിലവിലെ സോഷ്യൽ മീഡിയ പേജുകളുടെ വിലയിരുത്തൽ. മുൻകാല പ്രചാരണങ്ങളും സംരംഭങ്ങളും വിശകലനം ചെയ്തു പുതിയ മാർഗ്ഗങ്ങളുടെ നിർദ്ദേശം .

2) ഓരോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിനും മുൻകൂട്ടി നിശ്ചയിച്ച സോഷ്യൽ മീഡിയ പ്ലാനും കലണ്ടറും ലഭ്യമാക്കുക. ലഹരിവിരുദ്ധ ബോധവൽക്കരണ ആശയ പ്രചാരണത്തിന് ഫലപ്രദമായ ഉള്ളടക്ക നിർമ്മാണം . SMART **(Specific, Measurable, Achievable, Realistic and anchored within a Time Frame**) അധിഷ്ഠിതമായ സൃഷ്ടികളും സോഷ്യൽ മീഡിയ ഇടപെടലുകളും നിരന്തര മൂല്യ നിർണ്ണയവും നടത്തണം.

3) എക്സൈസ് വകുപ്പ്/വിമുക്തി മിഷൻ ആവശ്യമായ സോഷ്യൽ മീഡിയ ആശയങ്ങളും പരിപാടികളും തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുക. സോഷ്യൽ മീഡിയ മാനേജ്മെന്റിൽ നൂതനമായ ബോധവൽക്കരണ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഇമേജ് പോസ്റ്ററുകൾ, കാപ്ഷൻ പോസ്റ്ററുകൾ , ഷോർട്ട് വീഡിയോസ്, ചോദ്യോത്തരങ്ങൾ, ട്രോളുകൾ, കാർട്ടൂണുകൾ, അനിമേഷൻ വീഡിയോകൾ, റീലുകൾ, അറിയിപ്പുകൾ, പരസ്യങ്ങൾ, ജിഫുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

4) സോഷ്യൽ മീഡിയ മാനേജ്മെന്റിൽ_ ആശയങ്ങൾ കണ്ടെത്തുക, സൃഷ്ടികൾ തയ്യാറാക്കുക, അയവ സാമൂഹ്യ മാദ്ധ്യമങ്ങളിൽ കൂടി പ്രചരിപ്പിക്കുക എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

5) സോഷ്യൽ മീഡിയ ഓപ്റ്റിമൈസേഷൻ_ എല്ലാ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലേയും (ഫേസ്ബുക്ക്, ടിറ്റർ, ഇൻസ്റ്റാഗ്രാം, യൂട്യൂബ് , വാട്ട്സപ്പ് മുതലായവ) മാർക്കറ്റിംഗ്, പരിപാലനം, നിരീക്ഷണം, നേതൃത്വം എന്നിവ ഉൾപ്പെടെയുള്ള ഫലപ്രദമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

6) സോഷ്യൽ മീഡിയ ട്രെൻഡുകൾ മനസ്സിലാക്കി ആയതിനനുസരിച്ച് ആശയവിനിമയത്തിനുള്ള മാർഗ്ഗങ്ങൾ നവീകരിക്കേണ്ടതാണ്.

7) ശരിയായ ഹാഷ്ടാഗുകൾ, ടാഗിംഗ് എന്നിവ ഉപയോഗിച്ച് ഫോളോവേഴ്സ്, ലൈക്കുകൾ & സബ്സ്ക്രൈബർമാരെ വർദ്ധിപ്പിക്കേണ്ടതാണ്.

8) എക്സൈസ് വകുപ്പ്/വിമുക്തി മിഷന്റെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വാർത്തകൾ, സംഭവങ്ങൾ ,വിവരങ്ങൾ, ചിത്രങ്ങൾ, വീഡിയോകൾ എന്നിവ സോഷ്യൽ മീഡിയയിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

9) സാമൂഹ്യ മാദ്ധ്യമങ്ങൾ വഴി ലഭിക്കുന്ന ചോദ്യങ്ങൾക്ക് വകുപ്പിൽ നിന്ന് കൂടിയാലോചന നടത്തി ഉത്തരങ്ങൾ 2 ദിവസത്തിനകം നൽകേണ്ടതാണ്.

1o) കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ 15 ദിവസത്തിലും വകുപ്പുകൾക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**ഡെലിവറബിളുകൾ**

1) **Facebook, Instagram** എന്നിവയിൽ പ്രതിദിനം കുറഞ്ഞത് 2 പോസ്റ്റുകൾ.

2) ലഹരി വിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്ന എല്ലാ ദിവസവും ഇൻഫോഗ്രാഫിക് വീഡിയോകൾ.

3) വാർത്തകൾ/അപ്ഡേറ്റുകൾ/നേട്ടങ്ങൾ മുതലായവയെ അടിസ്ഥാനമാക്കി കുറഞ്ഞത് ഒരു ദിവസം 4 ടീറ്റുകൾ.

4) തിങ്കൾ മുതൽ ശനി വരെ പതിവായി രാവിലെ 10 മുതൽ വൈകിട്ട് 6:30 വരെ 5 പ്രാവശ്യം ORM(**Online Reputation Management**)

5) ഇലക്ട്രോണിക് മാധ്യമങ്ങളുമായും അച്ചടി മാധ്യമങ്ങളുമായും ഏകോപനം

6) 6 മാസത്തിനകം വകുപ്പിന്റെ **Facebook** Followers –ന്റെ എണ്ണം 2M ആക്കി വർദ്ധിപ്പിക്കുക.

7) എക്സൈസ്/വിമുക്തിമിഷൻ സംഘടിപ്പിക്കുന്ന വിവിധ മത്സരങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ , മത്സര ഫലങ്ങൾ എന്നിവ സാമൂഹ്യ മാദ്ധ്യമങ്ങൾ വഴി യഥാസമയം പോസ്റ്റ് ചെയ്യുക

8 ) എക്സൈസ് വകുപ്പ്/വിമുക്തി മിഷന്റെ നേട്ടങ്ങൾ, പുതിയ പദ്ധതികൾ , അറിയിപ്പുകൾ എന്നിവ ആഴ്ചയിൽ 3 ദിവസം യൂട്യൂബ് , ഫെയിസ്ബുക്ക് , ഇൻസ്റ്റഗ്രാം വാട്സ്ആപ്പ് എന്നിവ വഴി പ്രചരിപ്പിക്കണം.

9) പ്രധാന ദിവസങ്ങളിൽ, ദിവസങ്ങളുടെ പ്രത്യേകത അനുസരിച്ച് വിമുക്തി മിഷന്റെ സന്ദേശങ്ങൾ യുട്യൂബ് , ഫെയ്സ് ബുക്ക് , ഇൻസ്റ്റഗ്രാം, ട്വിറ്റർ , എന്നിവ വഴി നൽകുക.

10) ക്യാമ്പയിൻ കാലയളവിൽ രണ്ടു ഹാഷ് ടാഗ് ക്യാമ്പയിൻ, ഒരു ടാഗ് ലൈൻ ക്യാമ്പയിൻ എന്നിവ സംഘടിപ്പിക്കുക .

ആയതു കൂടാതെ ചുവടെ ചേർക്കുന്നവ കൂടി ഡെലിവറബിളുകൾ ആയി ചെയ്യേണ്ടതാണ്.

**സോഷ്യൽ മീഡിയ പരസ്യങ്ങളുടെ ഉള്ളടക്കത്തിൽ ഉൾപ്പെടുത്തേണ്ടവ**

1. സർക്കാർ ഓർഗനൈസേഷൻ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും പ്രോഗ്രാമുകളും വിശദീകരിക്കുന്ന വിവരദായക ഗ്രാഫിക്സും വീഡിയോകളും.

2. വകുപ്പ് നൽകിയ സേവനങ്ങളിൽ നിന്നും നടത്തിയ പരിപാടികളിൽ നിന്നും പ്രയോജനം നേടിയ പൗരന്മാരിൽ നിന്നുള്ള വിജയഗാഥകളും സാക്ഷ്യപത്രങ്ങളും.

3. പ്രേക്ഷകരുമായി സംവദിക്കാനും അവരുടെ സംശയങ്ങളും ആശങ്കകളും പരിഹരിക്കാനും ചോദ്യോത്തര സെഷനുകളും തത്സമയ ഇവന്റുകളും.

4. ലഹരി മാർഗ്ഗത്തിൽ നിന്നും വ്യതി ചലിപ്പിച്ച് പൗരന്മാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് വകുപ്പ് നടത്തുന്ന സംരംഭങ്ങളെക്കുറിച്ചുള്ള വാർത്തകളും അപ്ഡേറ്റുകളും.

5. ഡീ അഡിക്ഷൻ കേന്ദ്രങ്ങൾ , കൌൺസിലിംഗ് കേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ .

**സൃഷ്ടികൾ തയ്യാറാക്കുന്നതിന്.**

ലഹരി വസ്തുക്കളുടെ ഉപയോഗം, ഉപഭോഗം, ക്രയവിക്രയം തുടങ്ങിയ സംബന്ധിച്ച് ഉണ്ടാകാവുന്ന വിവിധ പ്രശ്നങ്ങളെ ലളിതമായും സാധാരണക്കാർക്കും കുട്ടികൾക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും വിധം ആകണം സൃഷ്ടികൾ തയ്യാറാക്കേണ്ടത്.

**ലഹരി ഉപയോഗം കാരണം ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ**

1. ശാരീരിക പ്രശ്നങ്ങൾ

2. ആരോഗ്യ പ്രശ്നങ്ങൾ

3. സാമ്പത്തിക പ്രശ്നങ്ങൾ

4. കുടുംബ പ്രശ്നങ്ങൾ

5. സാമൂഹിക പ്രശ്നങ്ങൾ

6. വിദ്യാഭ്യാസ സംബന്ധമായ പ്രശ്നങ്ങൾ

7. ജോലി സംബന്ധമായ പ്രശ്നങ്ങൾ

8. നിയമ പ്രശ്നങ്ങൾ

9. മാനസിക പ്രശ്നങ്ങൾ

തുടങ്ങിയവ സംബന്ധിച്ച സൃഷ്ടികൾ ഉൾപ്പെടുത്തേണ്ടതാണ്.

ആയത് കൂടാതെ ജീവിത നൈപുണ്യങ്ങൾ , നല്ല ശീലങ്ങൾ, വകുപ്പിന്റെ പ്രവർത്തനങ്ങൾ, പുതിയ പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി സൃഷ്ടികൾ നിർമ്മിക്കേണ്ടതാണ്.

**5. യോഗ്യതകൾ**

1. മുൻകൂർ തുകകൾ അനുവദിക്കുന്നതല്ല എന്നതിനാൽ താല്പര്യപത്രം സമർപ്പിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തികമായി ഭദ്രതയുള്ളവ ആകണം.
2. സ്റ്റാർട്ട്-അപ്പ്-മിഷനുകൾക്കും താല്പര്യപത്രം സമർപ്പിക്കാവുന്നതാണ്.
3. താല്പര്യപത്രം സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സോഷ്യൽ മീഡിയ മാനേജ്മെന്റ് രംഗത്ത് കുറഞ്ഞത് 1 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടാവേണ്ടതാണ്. ആയത് സംബന്ധിച്ച സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് താല്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
4. ഒരു വർഷത്തിനുള്ളിൽ പ്രവർത്തനം ആരംഭിച്ച സ്റ്റാർട്ട് അപ്പ് മിഷനുകൾക്ക് പ്രവർത്തി പരിചയം എന്നതിന് നിലവിൽ ഏറ്റെടുത്ത പ്രവർത്തികളുടെ വിശദാംശങ്ങൾ താല്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
5. നൂതന സാങ്കേതിക വിദ്യകളിൽ പ്രവർത്തി പരിചയവും ഉപകരണ സ്രോതസ്സും ഉണ്ടായിരിക്കേണ്ടതാണ്.
6. GST രജിസ്ട്രേഷൻ /PAN എന്നിവ സംബന്ധിച്ച രേഖകൾ

താല്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.

7. കഴിഞ്ഞ 6 മാസത്തിനുള്ളിൽ സോഷ്യൽ മീഡിയ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഏറ്റെടുത്തു പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ, ലഹരിവിരുദ്ധ ബോധവൽക്കരണം അടിസ്ഥാനമാക്കി തയ്യാറാക്കിയ 2 വീഡിയോകൾ, 2 പോസ്റ്ററുകൾ എന്നിവ മേൽ പറഞ്ഞിട്ടുള്ള ഇ - മെയിൽ വിലാസത്തിൽ താൽപ്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
8. സ്റ്റാർട്ട് അപ്പ മിഷനുകൾക്ക് മേൽ പ്രകാരം വീഡിയോകൾ/പോസ്റ്ററുകൾ ഇല്ലാത്ത പക്ഷം അത്തരത്തിൽ ഒരു വീഡിയോകൽ ,പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി മേൽ പറഞ്ഞിട്ടുള്ള ഇ-മെയിൽ വിലാസത്തിൽ താൽപ്പര്യപത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
9. സ്ഥാപനത്തിന്റെ ബ്രോഷർ, ചിത്രങ്ങൾ, സർക്കാർ വകുപ്പുകൾക്കായി ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ (അത്തരത്തിൽ ചെയ്തിട്ടുണ്ടെങ്കിൽ) എന്നിവയുടെ വിവരങ്ങൾ താൽപ്പര്യ പത്രത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.

## 6.താല്പര്യപത്രം നിരാകരിക്കൽ

ചുവടെ ചേർക്കുന്ന ഏതെങ്കിലും കാരണങ്ങളാൽ താൽപ്പര്യ പത്രം നിരാകരിക്കാൻ വിമുക്തി മിഷന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

1. നിർദ്ദിഷ്ട സമയ പരിധിയ്ക്ക് ശേഷം ലഭിച്ചവ
2. ആവശ്യപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്യാത്തവ
3. തെറ്റുകൾ ഉള്ളവയോ തിരുത്തലുകൾ വരുത്തിയതോ ആയവ
4. ഔദ്യോഗിക അധികാരികൾ ഒപ്പ് രേഖപ്പെടുത്താത്തവ
5. താൽപ്പര്യ പത്രത്തിനൊപ്പം സമർപ്പിക്കുന്ന രേഖകളിൽ ഒപ്പ് ഇടാത്തവ
6. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയവ, വ്യാജ രേഖകൾ ഉള്ളടക്കം ചെയ്തവ, തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയവ.

## 7. പ്ലാറ്റ്ഫോമുകൾ

ഈ ക്യാമ്പയിനായി ഉപയോഗിക്കുന്ന പ്രാഥമിക സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ Facebook,

Twitter, Instagram, YouTube, Whatsapp എന്നിവയാണ്

## 8. താൽപ്പര്യപത്രം പരിശോധനയും തെരെഞ്ഞെടുക്കലും

1. സൂക്ഷ്മ പരിശോധന : യോഗ്യതാ മാനദണ്ഡത്തെ അടിസ്ഥാനമാക്കി എല്ലാ അപേക്ഷകളുടെയും സൂക്ഷ്മ പരിശോധന നടത്തുന്നു. EOI ഡോക്യുമെന്റിൽ പരാമർശിച്ചിരിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങളും മറ്റ് അവശ്യ വ്യവസ്ഥകളും പാലിക്കാത്ത അപേക്ഷകൾ നിരസിക്കപ്പെടും.

2. ചുരുക്കപ്പട്ടിക: യോഗ്യരായ എല്ലാ അപേക്ഷകരെയും അവർ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തും. എക്സൈസ് വകുപ്പ് രൂപീകരിച്ച ഒരു സെലക്ഷൻ കമ്മിറ്റിക്ക് മുൻപിൽ അവതരണം നടത്താൻ ഷോർട്ട്-ലിസ്റ്റ് ചെയ്ത ഏജൻസികളെ വിളിക്കും.

3. റാങ്ക് ലിസ്റ്റ് : ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഏജൻസികൾ മുമ്പ് ചെയ്ത പ്രവർത്തനങ്ങളെകുറിച്ച് സെലക്ഷൻ കമ്മിറ്റിക്ക് മുന്നിൽ അവതരണം നടത്തേണ്ടതുണ്ട്. കമ്മിറ്റി അവരുടെ അവതരണങ്ങൾ പരിഗണിച്ച ശേഷം, അവരുടെ ഇൻഫ്രാസ്ട്രക്ചർ/ഓഫീസുകൾ, നിലവിലുള്ള ഉപഭോക്താക്കൾ മുതലായവയെ അടിസ്ഥാനമാക്കി ഏജൻസികളെ വിലയിരുത്തും. ഇപ്രകാരമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഏജൻസികളെ റാങ്ക് ചെയ്യും.

4. തെരഞ്ഞെടുക്കൽ : ഏജൻസികൾക്കിടയിൽ വിതരണം ചെയ്യുന്ന ജോലികൾ അവരുടെ റാങ്കിംഗുമായി ബന്ധപ്പെട്ടതല്ല. തിരഞ്ഞെടുത്ത എല്ലാ ഏജൻസികളെയും തുല്യമായി പരിഗണിക്കും. എക്സൈസ് വകുപ്പും വിമുക്തി മിഷനും അതിന്റെ സൗകര്യത്തിനും ആവശ്യകതകൾക്കും വിവേചനാധികാരത്തിനും അനുസരിച്ച് ജോലി വിതരണം ചെയ്യാനുള്ള അവകാശം നിക്ഷിപ്തമാണ്. ഏജൻസിയുടെ ജോലിയുടെ ഗുണനിലവാരം, പ്രതികരണശേഷി മുതലായവയെ അടിസ്ഥാനമാക്കി എക്സൈസ് വകുപ്പും വിമുക്തി മിഷനും ജോലിയിലും ആശയങ്ങളിലും വ്യത്യാസം വരുത്താം

5. എംപാനൽ ചെയ്ത ഏജൻസികളുടെ എണ്ണം ഏത് സമയത്തും കുറയ്ക്കാനോ വർദ്ധിപ്പിക്കാനോ ഉള്ള അവകാശം എക്സൈസ് വകുപ്പിലും വിമുക്തി മിഷനിലും നിക്ഷിപ്തമാണ്. എംപാനൽ ചെയ്തോ അല്ലാതെയോ മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് EOI-യിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും ജോലിയോ ജോലിയുടെ ഏതെങ്കിലും ഭാഗമോ നേടാനുള്ള അവകാശവും എക്സൈസ് വകുപ്പിലും വിമുക്തി മിഷനിലും നിക്ഷിപ്തമാണ്.

## 9. ടൈംലൈൻ

കാമ്പയിൻ 6 മാസത്തേക്ക് പ്രവർത്തിക്കും. ഉള്ളടക്കം സൃഷ്ടിക്കുന്നതിനും സൃഷ്ടികൾ കാണിക്കുന്നതിലും പൊതുജനങ്ങളുമായി സാമൂഹിക മാദ്ധ്യമങ്ങൾ വഴി ഇടപഴകുന്നതിലും , വിശകലനങ്ങൾ നടത്തുന്നതിനും , ലൈക് , ഷെയർ , ഫോളോവേർസ് , ടാഗ് , കമന്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.

**താൽപ്പര്യ പത്രം സമർപ്പിക്കുന്നതിനുള്ള അപേക്ഷ ഫോമുകൾ ഇതിനൊപ്പം ചേർത്തിട്ടുള്ളതാണ്. എല്ലാ ഫോമുകളും പൂരിപ്പിച്ച് അഡീഷണൽ എക്സൈസ് കമ്മിഷണർ (ഭരണം) & വിമുക്തി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എക്സൈസ് ഹെഡ് ക്വാർട്ടേർസ്, നന്ദാവനം , പാളയം , തിരുവനന്തപുരം - 695033 /** jecapckerala1@gmail.com **എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.**

**ഫോർമാറ്റ് 1**

**താല്പര്യപത്രം**

I/297144/2023

ഗ്രാഹകൻ

അഡീഷണൽ എക്സൈസ് കമ്മിഷണർ (ഭരണം)

& വിമുക്തി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

വിഷയം : എക്സൈസ് വകുപ്പ് _ വിമുക്തി മിഷൻ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ 6 മാസ കാലാവധിയിൽ കൈകാര്യം ചെയ്യുന്നതിന് താൽപ്പര്യ പത്രം സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന : 09.05.2023 ലെ എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ EXC/1702/2023-VIMUKTHI 4 നമ്പർ താൽപ്പര്യപത്ര അപേക്ഷ ക്ഷണിക്കൽ .

സർ

ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എക്സൈസ് വകുപ്പും വിമുക്തി മിഷനും സംഘടിപ്പിക്കുന്ന സോഷ്യൽ മീഡിയാ ക്യാമ്പയിന്റെ ഭാഗമായി വിമുക്തി മിഷന്റെ സോഷ്യൽ മീഡിയ അക്കൌണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് സൂചന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മേൽ വിഷയത്തിൽ പറഞ്ഞിരിക്കുന്ന ചുമതല നിർവഹിക്കുന്നതിലേക്ക് ഞങ്ങൾ EOI സമർപ്പിക്കുന്നതിന് ആഗ്രഹിക്കുന്നു. സൂചനയിൽ നിർദ്ദേശിച്ചതുപോലെ, ഞങ്ങൾ ഇനിപ്പറയുന്ന ഡോക്യുമെന്റുകളുടെ 2 സെറ്റുകൾ വെവ്വേറെ സീൽ ചെയ്ത കവറുകളിലും ഒരു സോഫ്റ്റ് കോപ്പി ഇ-മെയിലിലും അറ്റാച്ച് ചെയ്യുന്നു.

1. ഏജൻസിയുടെ വിശദാംശങ്ങൾ (ഫോർമാറ്റ്-2)

2. അനുബന്ധ മേഖലകളിലെ പരിചയം (ഫോർമാറ്റ്-3)

3. സത്യപ്രസ്താവന(Declaration ) (ഫോർമാറ്റ്-4)

വിശ്വസ്തതയോടെ

ഒപ്പ്/പേര്/വിലാസ

ം

തീയതി

*****ഈ കത്ത് ഏജൻസിയുടെ ലെറ്റർ ഹെഡിൽ നൽകണം*****

**ഫോർമാറ്റ്-2**

ഏജൻസിയുടെ വിവരങ്ങൾ

I/297144/2023

വിശ്വസ്തതയോടെ

| | |
|---|---|
| ഏജൻസിയുടെ(കമ്പനിയുടെ) പേര് | |
| രജിസ്ട്രേഷൻ നമ്പർ | |
| സ്ഥലം /മേൽവിലാസം | |
| ജില്ല | |
| മൊബൈൽ ഫോൺ നമ്പർ | |
| ഇ-മെയിൽ വിലാസം | |
| വെബ് സൈറ്റ് വിലാസം | |
| I&PRD യുമായി എംപാനൽ ചെയ്തിട്ടുണ്ടോ എന്നത് | |
| എംപാനൽ ചെയ്തിട്ടുണ്ടെങ്കിൽ ഉത്തരവ് നമ്പർ (ഉത്തരവ് ഉള്ളടക്കം ചെയ്യേണ്ടതാണ്) | |
| പ്രവർത്തി പരിചയം (വർഷത്തിൽ) | |
| GST നമ്പർ | |
| PAN കാർഡ് നമ്പർ | |

ഒപ്പ്/പേര്

/വിലാസ

തീയതി

**ഫോർമാറ്റ്-3**

I/297144/2023

അനുബന്ധ മേഖലകളിലെ പരിചയം

| ക്രമ നം | ഇനം | അവസാന 2 വർഷം ഏറ്റെടുത്തു പൂർത്തിയാക്കിയ കർത്തവ്യങ്ങളുടെ എണ്ണം (സ്റ്റാർട്ട് അപ്പ മിഷനുകൾ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വീഡിയോകൾ തയ്യാറാക്കി നൽകേണ്ടതാണ്) | പ്രവർത്തി ചെയ്തു നൽകിയ സ്ഥാപനത്തിന്റെയോ വകുപ്പിന്റെയോ പേര് |
|---|---|---|---|
| 1 | സമാനമായ വിഷയത്തിൽ ചെയ്ത പ്രവർത്തികൾ | | |
| 2 | സമാന സ്വഭാവത്തിലുള്ള വിഷയത്തിൽ ചെയ്ത പ്രവർത്തികൾ | | |

“സമാന വിഷയം”, “ സമാന സ്വഭാവത്തിലുള്ള വിഷയം”, എന്നിവ കണ്ടെത്തുന്നതിനുള്ള മൂല്യനിർണ്ണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

വിശ്വസ്തതയോടെ

ഒപ്പ്/പേര് /

വിലാസം

തീയതി

**ഫോർമാറ്റ്-4**

സത്യപ്രസ്താവന(Declaration)

I/297144/2023

**സത്യപ്രസ്താവന(Declaration)**

ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട്  ഉയർന്നു വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എക്സൈസ് വകുപ്പും വിമുക്തി മിഷനും സംഘടിപ്പിക്കുന്ന സോഷ്യൽ മീഡിയാ ക്യാമ്പയിന്റെ ഭാഗമായി  വിമുക്തി മിഷന്റെ സോഷ്യൽ മീഡിയ അക്കൌണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് ഞങ്ങൾക്ക് താൽപ്പര്യമുണ്ടെന്ന് ഇതിനാൽ സ്ഥിരീകരിക്കുന്നു.

ഇവിടെ നൽകിയിരിക്കുന്ന എല്ലാ വിവരങ്ങളും യഥാർത്ഥവും കൃത്യവുമാണ്.

അംഗീകൃത വ്യക്തിയുടെ

ഒപ്പ്. പേരും പദവിയും:

തീയതി:

***** ഏജൻസിയുടെ ലെറ്റർ ഹെഡിൽ ഡിക്ലറേഷൻ നൽകേണ്ടതാണ്*****

Signed by
Rajeev D.
Date: 24-06-2023 15:52:52